15. പ്രവാസികൾക്കായി പെൻഷൻ നടപ്പാക്കുന്നതിന്റെ ഭാഗമായി ഏർപ്പെടുത്തിയ 'കേരളാ പ്രവാസി കേരളീയ ക്ഷേമബോർഡ്'.

16. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി പ്രവർത്തിക്കുന്ന നോർക്ക റൂട്ട്സ് ഓഫീസുകൾ മുഖേന കേന്ദ്ര മാനവവിഭവശേഷി വികസന മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി വിദേശ തൊഴിൽ തേടുന്നവർക്ക് വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തൽ.

17. പ്രവാസി മലയാളികൾക്ക് അപകടമരണം, സ്ഥിരമായ/ പൂർണ്ണമായ/ഭാഗികമായ വൈകല്യം സംഭവിക്കൽ എന്നിവയ്ക്ക് രണ്ടുലക്ഷം രൂപ വരെ ഇൻഷ്വറൻസ് പരിരക്ഷ.

18. പ്രവാസികളുടെ തിരിച്ചറിയൽ രേഖയായി ഇൻഷ്വറൻസ് പരിരക്ഷകൂടി ഉറപ്പുവരുത്തുന്ന എൻ.ആർ.കെ.ഐഡി കാർഡ്/പ്രവാസി ഐഡി കാർഡ്.

19. കേരള പ്രവാസി കേരളീയ ക്ഷേമനിധി ബോർഡ് മുഖാന്തരം വിദ്യാഭ്യാസ ആനുകൂല്യ പദ്ധതി, മരണാനന്തര ധനസഹായം, ചികിത്സാ ധനസഹായം, വിവാഹധനസഹായം തുടങ്ങിയവ.

20. അടിയന്തര സാഹചര്യത്തിൽ പ്രവാസി മലയാളികളെ നാട്ടിലെത്തിക്കുന്നതിനുള്ള എമർജൻസി റിപ്പാട്രിയേഷൻ പദ്ധതി

ഈ പദ്ധതികൾ കാര്യക്ഷമമായി നടന്നുവരുന്നതായി വിലയിരുത്തുന്നു.

പ്രവാസി സാന്ത്വന പദ്ധതി

70 (3354) ശ്രീ. എം. എ. വാഹീദ് :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ജോസഫ് വാഴക്കൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസി വകുപ്പ് നടപ്പാക്കുന്ന സാന്ത്വന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ധനസഹായങ്ങളാണ് പദ്ധതി മുഖേന പ്രവാസികൾക്ക് ലഭിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) ഈ സർക്കാരിന്റെ കാലത്ത് ധനസഹായങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) വർദ്ധിപ്പിച്ച ധനസഹായങ്ങൾക്ക് എന്ന് മുതലാണ് പ്രാബല്യമുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) കുറഞ്ഞത് രണ്ട് വർഷമെങ്കിലും തൊഴിൽപ്പരമായ ആവശ്യത്തിനായി വിദേശത്ത് താമസിച്ചശേഷം കേരളത്തിലേയ്ക്ക് സ്ഥിരമായി മടങ്ങിയെത്തിയതോ അല്ലെങ്കിൽ കേരളത്തിന് പുറത്ത് ഭാരതത്തിനകത്ത് കുറഞ്ഞത് 2 വർഷമെങ്കിലുമായി താമിച്ചുവരുന്നതോ ആയ മലയാളികൾക്ക് സ്ഥിരമായ വരുമാന മാർഗ്ഗമില്ലാതിരിക്കുകയും മറ്റൊരു മാർഗ്ഗത്തിൽനിന്നും ധനസഹായം ലഭിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ നിബന്ധനകൾക്ക് വിധേയമായി ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് നോർക്ക വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ പദ്ധതിയായ സാന്ത്വന മരണാനന്തര സഹായം (Death compensation). ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, കൃത്രിമകാൽ, വീൽച്ചെയർ, ക്രച്ചസ് മുതലായവ വാങ്ങാനുള്ള സഹായം എന്നിങ്ങനെ നാല് വിഭാഗങ്ങളിലായാണ് സാന്ത്വന പദ്ധതി മുഖേന ധനസഹായം അനുവദിക്കുന്നത്. പ്രവാസി മരിച്ചാൽ പ്രവാസിയുടെ ആശ്രിതന് മരണാനന്തര സഹായമായി പരമാവധി ഒരു ലക്ഷം രൂപവരെയും ചികിത്സാ സഹായമായി ഗുരുതര രോഗങ്ങൾക്ക് പരമാവധി അൻപതിനായിരം രൂപവരെയും ഇതര രോഗങ്ങൾക്ക് പരമാവധി ഇരുപതിനായിരം രൂപ വരെയും പ്രവാസിയുടെ ആശ്രിതയായ മകളുടെ വിവാഹത്തിനായി പരമാവധി പതിനയ്യായിരം രൂപ വരെയും കൃത്രിമകാൽ, വീൽച്ചെയർ, ക്രച്ചസ് മുതലായവ വാങ്ങുന്നതിന് പരമാവധി പതിനായിരം രൂപ വരെയും നിബന്ധനകൾക്ക് വിധേയമായി അനുവദിച്ചുവരുന്നു. ധനസഹായം ലഭിക്കുന്നതിനുള്ള കുടുംബ വാർഷിക വരുമാന പരിധി 1,00,000 രൂപയാണ്.

(സി) ഈ സർക്കാരിന്റെ കാലത്ത് രണ്ടുതവണ ധനസഹായം വർദ്ധിപ്പിച്ചിട്ടുണ്ട്. ആദ്യതവണ മരണാനന്തര ചടങ്ങുകൾക്ക് അനുവദിച്ചിരുന്ന സഹായം പതിനായിരം രൂപ ഇരുപതിനായിരം രൂപയായും വിവാഹ ധനസഹായമായി അനുവദിച്ചിരുന്ന ഏഴായിരത്തി അഞ്ഞൂറു രൂപ പതിനയ്യായിരം രൂപയായും ചികിത്സാ ധനസഹായമായി അനുവദിച്ചിരുന്ന പതിനായിരം രൂപ ഇരുപതിനായിരം രൂപയായും

LIBRARY ARCHIVES Kerala Legislative Assembly

കൃത്രിമകാൽ, വീൽച്ചെയർ, ക്രച്ചസ് എന്നിവ വാങ്ങാൻ അനുവദിച്ചിരുന്ന അയ്യായിരം രൂപ പതിനായിരം രൂപയായും വർദ്ധിപ്പിച്ചിരുന്നു. രണ്ടാം തവണ മരണാനന്തര ചടങ്ങുകൾക്കായി അനുവദിച്ചിരുന്ന പതിനായിരം രൂപ എന്നത് മരണാനന്തര സഹായം എന്ന് പുനർനാമകരണം ചെയ്ത് ഒരു ലക്ഷം രൂപയായും ചികിത്സാ സഹായം ഗുരുതര രോഗങ്ങൾക്ക് അൻപതിനായിരം രൂപയായും ഇതര രോഗങ്ങൾക്ക് ഇരുപതിനായിരം രൂപയായും വർദ്ധിപ്പിച്ചു.

(ഡി) 2013 ജൂൺ മാസം ഒന്നാം തീയതി മുതലാണ് ഇപ്പോഴുള്ള വർദ്ധിപ്പിച്ച ധനസഹായങ്ങൾ പ്രാബല്യത്തിൽ വന്നത്.

പ്രവാസി ക്ഷേമ പദ്ധതി

71 (†3355) ശ്രീ. സി. കെ. സദാശിവൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസി ക്ഷേമ പദ്ധതിയിൽ ചേരുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ;

(ബി) എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രവാസി ക്ഷേമ പദ്ധതി പ്രകാരം പ്രവാസികൾക്ക് ലഭിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വിദേശത്ത് ജോലി ചെയ്യുന്നവർക്കും, വിദേശത്ത് രണ്ട് വർഷമെങ്കിലും ജോലി ചെയ്തശേഷം തിരിച്ചുവന്ന് കേരളത്തിൽ സ്ഥിരതാമസമാക്കിയവർക്കും, കേരളത്തിന് പുറത്ത് ഇന്ത്യയിലെ മറ്റേതെങ്കിലും സംസ്ഥാനത്ത് ജോലി സംബന്ധമായി കുറഞ്ഞത് ആറുമാസമായി താമസിച്ചുവരുന്നവർക്കും പ്രവാസി കേരളീയ ക്ഷേമനിധിയിൽ അംഗത്വത്തിന് അപേക്ഷിക്കാവുന്നതാണ്. അംഗമാകുന്നതിനുള്ള പ്രായം നിലവിൽ 18 നും 55 നും മധ്യേയാണ്.

(ബി) പ്രവാസി കേരളീയ ക്ഷേമ പദ്ധതി പ്രകാരം താഴെപ്പറയുന്ന ആനുകൂല്യങ്ങൾ ക്ഷേമനിധി അംഗങ്ങൾക്ക് ലഭിക്കുന്നതാണ്:

- അഞ്ചുവർഷത്തിൽ കുറയാത്തതും 60 വയസ്സുവരെ അംശദായം അടച്ചിട്ടുള്ളതുമായ അംഗങ്ങൾക്ക് പെൻഷൻ.
- ആശ്രിതർക്ക് കുടുംബ പെൻഷൻ

† മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly